# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാദാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി /പി 6/358/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാദാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി /പി 6/358/2022 തീയ്യതി: 02/03/2022

## കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 17-01-2022 | 11-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-01-2022 | 31-01-2022 |
| 07-02-2022 | 11-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)((31.01.2020വരെയും 7.02.2022 മുതൽ 11.02.2022വരെയും)

ശ്രീ. എം കരുണാകരൻ, ഓഡിറ്റ് ഓഫീസർ ((31.01.2020വരെ)

ശ്രീ. എം രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ (27.01.2020വരെ)

ശ്രീ. വിജേഷ് കെ കെ ,ഓഡിറ്റർ (25.01.2020വരെയും 9.02.2022 മുതൽ 11.02.2022വരെയും)

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)(7.02.2022 മുതൽ 11.02.2022വരെ)

ശ്രീ.ശ്രീജിത്ത്.കെ.വി, ഓഡിറ്റർ (7.02.2022 മുതൽ 11.02.2022വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ,സഫീറ മൂന്നാംകുനി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ എസ് ജോസ് മോൻ | സെക്രട്ടറി | 01-04-2019 | 19-07-2019 |
| ശൈലേന്ദ്രൻ എൻ | സെക്രട്ടറി | 19-07-2019 | 05-11-2019 |
| സജിത്ത് കുമാർ എം കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2019 | 19-11-2019 |
| ശൈലേന്ദ്രൻ എൻ | സെക്രട്ടറി | 20-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇബ്രായി കെ എൻ | കൃഷി ഓഫീസർ | 01-04-2019 | 10-04-2019 |
| അനുശ്രീ സി കെ | കൃഷി ഓഫീസർ | 11-04-2019 | 20-04-2019 |
| സജീറ സി ചാത്തോത്ത് | കൃഷി ഓഫീസർ | 21-04-2019 | 16-08-2019 |
| ഇബ്രായി കെ എൻ | കൃഷി ഓഫീസർ | 17-08-2019 | 04-10-2019 |
| അനുശ്രീ സി കെ | കൃഷി ഓഫീസർ | 05-10-2019 | 28-10-2019 |
| ഇബ്രായി കെ എൻ | കൃഷി ഓഫീസർ | 29-10-2019 | 31-03-2020 |
| ദിലീപ് ബി | അസി. സെക്രട്ടറി | 01-04-2019 | 15-08-2019 |
| സജിത്ത് കുമാർ എം കെ | അസി. സെക്രട്ടറി | 16-08-2019 | 31-03-2020 |
| നിസാർ യു പി | വി ഇ ഒ | 01-04-2019 | 31-03-2020 |
| അരുൺ | വി ഇ ഒ | 03-05-2019 | 31-03-2020 |
| ശില്പാ രാജ് | വെറ്റിനററി സർജൻ | 01-04-2019 | 31-03-2020 |
| കൗസല്യ ബി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| അപർണ്ണ എം പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-06-2019 | 19-12-2019 |
| ഗീത കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 10-12-2019 | 31-03-2020 |
| വിജയലക്ഷ്മി കെ കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. ജമീല എം | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |
| അനുപമ സുഗതൻ | ഡി ഇ ഒ | 01-04-2019 | 31-03-2020 |
| തൻസീറ കെ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശില്പ ആനന്ദ് | അസി. എഞ്ചിനീയർ | 01-04-2019 | 05-08-2019 |
| കെ ഷീബ | അസി. എഞ്ചിനീയർ | 06-08-2019 | 31-03-2020 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്- തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-02-2022)<br>Last Updated By: Vasudevan M (Deputy Director, On 26-02-2022) | 1-1 |
| 2 | തനത് ഫണ്ട്-വാർഷിക പദ്ധതി,ബജറ്റ് വകയിരുത്തലുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-1-1 |
| 3 | വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-1-2 |
| 4 | സർക്കാർ ഗ്രാന്റുകൾ-അലോട്ട്മെന്റിനേക്കാൾ കൂടിയ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-1-3 |
| 5 | NREGS-ആക്ഷൻ പ്ലാൻ അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-1-4 |
| 6 | എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-1-5 |
| 7 | സാമ്പത്തിക വിശകലനം<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-2 |
| 8 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 06-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം.<br>Written By: M.Karunakaran (Audit Officer, On 06-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-4 |
| 10 | വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 16-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-5 |
| 11 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച 2.48കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു.<br>Written By: Gireeshan Parappoyil (Audit Officer (HG), On 16-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-5-1 |
| 12 | റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 16-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-5-2 |
| 13 | ക്ഷേമപദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-6 |
| 14 | അനധികൃത നിർമ്മാണം - പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല<br>Written By: Vijesh K.K (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-7 |
| 15 | വസ്തു നികുതി കണക്കിയതിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-8 |

| | | |
|---|---|---|
| 16 | കുടിവെള്ള വിതരണം - നടപടികളിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 16-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-9 |
| 17 | കന്നുകുട്ടി പരിപാലന പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 06-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-10 |
| 18 | സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ വിനിയോഗ വിവരം ലഭ്യമാവാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 06-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-11 |
| 19 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. സർക്കാർ നിർദ്ദേശം പാലിക്കാതെ 2017-18 ൽ ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം തൻവർഷം ചെലവഴിച്ചു.<br>Written By: M.Karunakaran (Audit Officer, On 06-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-12 |
| 20 | നാദാപുരം, കല്ലാച്ചി ടൗണുകളിലെ ഡ്രൈനേജ് സുചീകരണം.-എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവർത്തി ടെണ്ടർ ചെയ്തു നടപ്പിലാക്കിയതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 06-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-13 |
| 21 | പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം- മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചില്ല. അപാകതകൾ ഇപ്പോഴും ആവർത്തിക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-14 |
| 22 | എടക്കണ്ടി - അരയാവുള്ളതിൽ റോഡ് പ്രവൃത്തി അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 1-15 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-4 |
| 5 | . വായ്പ, വായ്പ തിരിച്ചടവ്.<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: M.Karunakaran (Audit Officer, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.Karunakaran (Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.Karunakaran (Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.Karunakaran (Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 28-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്- തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

14.2.2019 തീയതിയിൽ ചേർന്ന ഭരണസമിതി യോഗം 22/19നമ്പർ തീരുമാന പ്രകാരം സ്ഥാപനത്തിന്റെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. മുൻബാക്കി 5249692/- രൂപയുൾപ്പടെ ആകെ 243759032/- രൂപ വരവും 239909210/- രൂപ ചെലവും 3849822/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിച്ചതായിരുന്നു ബജറ്റ്. ബജറ്റ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ രൂപീകരണത്തിലും പരിപാലനത്തിലും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### 1-1-1 തനത് ഫണ്ട്-വാർഷിക പദ്ധതി,ബജറ്റ് വകയിരുത്തലുകൾ പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷത്തെ ബജറ്റിൽ വാർഷിക പദ്ധതിയ്ക്കായി ആകെ 15451870/- രൂപ വകയിരുത്തിയിട്ടുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ 31.12.2018 തീയതിയിലെ 64750/2019/DPC നമ്പർ പ്രകാരം ഡി പി സി അംഗീകരിച്ച വാർഷിക പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും 159.49 വകയിരുത്തിയിട്ടുണ്ട്. ബജറ്റിലുള്ളതിനേക്കാൾ 4.9 ലക്ഷം രൂപ കൂടുതൽ വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ടന്ന് ഇത് കാണിക്കുന്നു. വാർഷിക പദ്ധതി അംഗീകാരം ലഭിച്ചതിനു ശേഷമാണ് ബജറ്റ് തയ്യാറാക്കി അംഗീകരിച്ചതെന്നിരിക്കെ ആവശ്യമായ പ്രൊവിഷൻ ബജറ്റിൽ വകയിരുത്താതെന്തെന്ന് വ്യക്തമല്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് വകയിരുത്തൽ 15654304/- രൂപയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ അന്തിമ ചെലവ് പത്രിക പ്രകാരം വാർഷിക പദ്ധതിയ്ക്കായി 23887157/- രൂപ വകയിരുത്തി 9190641/- രൂപ ചെലവഴിച്ചു കാണുന്നു. അതായത് പുതുക്കിയ ബജറ്റ് പ്രൊവിഷനേക്കാൾ 8232853/- രൂപ അധികമായി വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

### 1-1-2 വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

BS9 പ്രകാരമുള്ള വാർഷിക പദ്ധതികൾക്കുള്ള റവന്യൂ ചെലവുകൾക്കും BS 12 പ്രകാരമുള്ള മറ്റു മൂലധന ചെലവുകൾക്കും ആകെ വകയിരുത്തിയിരിക്കുന്നത് 125738210/- രൂപയാണ് .ഇതിൽ 30000000/-രൂപയുടെ ചെലവുകൾ വിഭാവനം ചെയ്തത് എൻ ആർ ഇ ജി എസ് പദ്ധതി തുക വകയിരുത്തിയ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്കും ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ്. ഇവ വാർഷിക പദ്ധതിയുടെ ഭാഗമല്ല. മേൽ തുക കഴിച്ച് 95738210/-രൂപയാണ് (125738210- 30000000) വാർഷിക പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ 31.12.18ന് ഡി പി സി അംഗീകാരം ലഭിച്ച വാർഷിക പദ്ധതി 9.92 കോടി രൂപയുടേതാണ്. അതായത് 35 ലക്ഷം രൂപയുടെ (9.92-9.57) പദ്ധതികൾ വിഭാവനം ചെയ്തത് ബജറ്റ് പ്രൊവിഷന് പുറത്താണെന്ന് കാണാം.

വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതി അടങ്കൽ 13.01 കോടി രൂപയായി മാറിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജറ്റ് പ്രകാരം വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക 8.79 കോടി രൂപ മാത്രമാണ്. അതായത് 4.22 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിരിക്കുന്നത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് വ്യക്തമാകുന്നു.

1-1-3 സർക്കാർ ഗ്രാന്റുകൾ-അലോട്ട്മെന്റിനേക്കാൾ കൂടിയ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത തുകയേക്കാൾ കൂടിയ തുക സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലുമായി ആകെ 47381000/- രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും ബജറ്റിൽ 59596340/- വകയിരുത്തി. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, 1.22 കോടി രൂപ അധികമായി വകയിരുത്തിയത് എന്ത് അടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. കൂടാതെ മേല്പറഞ്ഞ തുകകളിൽ നിന്നും തികച്ചും വിഭിന്നമായ തുകയായ 4.56 കോടി രൂപയാണ് വാർഷിക പദ്ധതിക്ക് വകയിരുത്തിയത് . ബജറ്റ് പുതുക്കിയപ്പോൾ ബജറ്റ് ഷെഡ്യൂൾ 4 ,7 എന്നിവ പ്രകാരം ആകെ 75471470/- രൂപയുടെ ഗ്രാന്റുകൾ സ്ഥാപനം പ്രതീക്ഷിച്ചു കാണുന്നു. ഇത് എപ്രകാരമാണെന്ന വ്യക്തമല്ല. സാമാന്യ യുക്തിപോലുമില്ലാതെയാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ഇത് വ്യക്തമാക്കുന്നു.

1-1-4 NREGS-ആക്ഷൻ പ്ലാൻ അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

ബജറ്റിന് മുന്നേ ഭരണസമിതി അംഗീകരിച്ച സ്ഥാപനത്തിന്റെ NREGSആക്ഷൻ പ്ലാൻ പ്രകാരം ആകെ 11.71കോടി രൂപയുടെ പ്രവൃത്തികളാണ് നിർവ്വഹിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആകെ 3 കോടിരൂപ മാത്രമാണ് ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയത്. ബജറ്റ് പുതുക്കിയപ്പോഴും ആക്ഷൻ പ്ലാൻ എസ്റ്റിമേറ്റ് തുക ഉൾക്കൊള്ളാൻ ബജറ്റിന് കഴിഞ്ഞിട്ടില്ല. 4.75കോടിയാണ് പുതുക്കിയ ബജറ്റ് പ്രൊവിഷൻ ഇതിൽ 3.37കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്

1-1-5 എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം.

ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകളില്ലാതെ തയ്യാറാക്കി പകർപ്പ് ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25401343 |
| വരവ് | 79222114 |
| ആകെ | 104623457 |

| | |
|---|---|
| ചെലവ് | 69452199 |
| നീക്കിയിരിപ്പ് | 35171258 |

## 1-3 വാർഷിക കണക്കിലെ അപാകതകൾ

1. കനറാബാങ്കിലുള്ള എകൗണ്ട് നമ്പർ 40234 (N.R.E.G.A) റിക്കൺസിലേഷൻ നടത്തിയത് ശരിയായ രീതിയിലല്ല. പ്രസ്തുത പാസ് ബുക്കിൽ 31.3.20ന് 232706 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ റിക്കൺസിലേഷൻ സ്റ്റേറ്റ് മെന്റിൽ ബാങ്ക് ബാലൻസ് പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 00 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
2. ബാങ്ക് ,ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷനുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാർച്ച് മാസത്തിൽ ഒഴികെ പ്രധാനപ്പെട്ട ബാങ്ക് /ട്രഷറിഎകൗണ്ടുകളുടെ റിക്കൺനിലേഷൻ മാത്രമെ തയ്യാറാക്കി കാണുന്നുള്ളു.
3. സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി എകൗണ്ടിൽ 2580000 രൂപ നീക്കിയിരിപ്പുണ്ട്.എന്നാൽ ബാലൻസ് ഷീറ്റ് B4 സ്റ്റേറ്റ് മെന്റ് പ്രകാരം ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 1368008 രൂപ മാത്രമാണ്.
4. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ തൻവർഷം വരവുവന്നതും,നേരിട്ട് ചെലവഴിക്കപ്പെട്ടതുമായ തുക പഞ്ചായത്തിൽ സൂക്ഷിച്ച രജിസ്റ്റർ പ്രകാരം 2681000 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിലുള്ള വരവ് 3325298 രൂപയാണ്.(I&E പ്രകാരം).
5. അഡ്വാൻസ് രജിസ്റ്റർ ഡപോസിറ്റ് രജിസ്റ്റർ എന്നിവ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടുണ്ടെങ്കിലും അഡ്വാൻസ് ഇനത്തിൽ വർഷാവസാനം ലഭിക്കാനുള്ള തുകയുടെയും,ഡപോസിറ്റ് ഇനത്തിൽ നൽകാനുള്ള തുകയുടെയും വിവരം മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ.
6. കെട്ടിട നികുതി ഇനത്തിൽ വാർഷിക കണക്കു പ്രകാരമുള്ള ഡിമാൻറ് ,കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയപ്രകാരം ലഭ്യമായ വർഷാവസാന ഡി.സി.ബിയുമായിപൊരുത്ത പ്പെടുന്നില്ല.
7. 130800199 ഹെഡിൽ Other Rent ഇനത്തിൽ വരവ് 137700 രൂപ വരവുണ്ടെങ്കിലും ആയതിനുള്ള രജിസ്റ്റർ സൂക്ഷിക്കുകയോ, ഏതിനത്തിലുള്ളവാടക വരവെന്ന് വ്യക്തമാക്കു കയോ ചെയ്തിട്ടില്ല.
8. 31.3.20 ന് ഒഴികെയുള്ള ബാങ്ക് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
9. ആസ്തികൾക്ക് ഡിപ്രീസിയേഷൻ പ്രൊവൈഡ് ചെയ്തതിന്റെ ആധികാരികത വ്യക്തമല്ല.

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 16743218 | 16743218 | 12560492 | 4182726 |
| വികസന ഫണ്ട് .S.C.P | - | 1462294 | 1462294 | 906991 | 555303 |
| C.F.C (Untied) | - | 13182250 | 13182250 | 5121056 | 8061194 |
| M.G.(Road) | - | 10293000 | 10293000 | 3520323 | 6772677 |

| | | | | | |
|---|---|---|---|---|---|
| M.G.( NonRoad) | - | 5190000 | 5190000 | 1883035 | 3306965 |
| എസ്.എൻ.പി | 4986 | 2472095 | 2477081 | 1489419 | 987662 |
| സംമ്പൂർണ സുചിത്വം | 558030 | -- | 558030 | 421570 | 136460 |
| സായംപ്രഭ | 189600 | 6613 | 196213 | 0 | 196213 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് കുടുംബശ്രീ | 1250000 | -- | 11250000 | 0 | 1250000 |
| ലൈഫ് ഭവന പദ്ധ തി സ്റ്റേറ്റ് ഷെയർ | | 3596679 | 3596679 | 3596679 | -- |
| ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 1000000 | - | 1000000 | --- | 1000000 |
| എസ്.എസ്.എ | 887219 | 28106 | 915325 | -- | 915325 |
| ജീവധാര | 189600 | 6613 | 196213 | --- | 196213 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5249591 | 17944459 | 23194050 | 18239687 | 4954363 |
| എം എൽ.എ.ഫണ്ട് | -- | 1373255 | 1373255 | 1373255 | -- |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ -

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി, ഗ്രാന്റിനങ്ങളിൽ അലോട്ട് മെന്റ് തുക വരവു രേഖപ്പെടുത്തിയപ്പോൾ ചെലവു കാണിച്ചിരിക്കുന്നത് ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടെയാണ്. ഇപ്രകാരം കുറവുചെയ്ത തുക അലോട്ട് മെന്റിൽ വരവായി ഉൾപ്പെടുന്നില്ല. ആയതിനാൽ ബാലൻസ് തുക വികസനഫണ്ട് ജനറൽ എസ്.സി.പി വിഭാഗങ്ങളിൽ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും .സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
3. I.K.M.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം C.S.S., ഇനത്തിലും,S.S.S. ഇനത്തിവും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S., ഇനത്തിൽ പൂരക പോഷകാഹാരപദ്ധതിക്ക് 2472095രുപ തൻവർഷം വരവുവന്നിട്ടുണ്ട്.അതേപോലെ S.S.S ഇനത്തിൽ ലൈഫ് ഭവനപദ്ധതിക്ക് 3596679 രൂപയുംഗ്രാന്റ് സ്റ്റേമെന്റിൽ ഉൾപെട്ടിട്ടില്ല. ഈ ഇനങ്ങളിലുള്ള അലോക്കേഷൻ തുകകൾ സുലേഖ സ്റ്റേമെന്റിലുള്ളതും ഗ്രാന്റ് സ്റ്റേമെന്റിലും തമ്മിൽ പോരുത്തപ്പെടുന്നില്ല.

## 1-5 വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 268 | 130131160 | | 45738981 |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

### 1-5-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച 2.48കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു.

198 പ്രൊജക്ടുകൾ ഉൾപ്പെടുന്ന 9.92 കോടി അടങ്കൽ വരുന്ന വാർഷിക പദ്ധതിക്കാണ് 31.12.18 ന് ഡി പി സി അംഗീകാരം നല്കിയത്. വർഷാവസാനമാകുമ്പോഴേക്കും മേല്പറഞ്ഞ പ്രകാരം 268 പ്രൊജക്ടുകളുള്ള 13.01 കോടി അടങ്കൽ വരുന്ന വാർഷികപദ്ധതിയായി ഇത് മാറി. വകയിരുത്തിയ തുകയിൽ നിന്നും 4.57 കോടി രൂപമാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്(ചെലവ് ശതമാനം 35.12). ഇത് മൂലം വകയിരുത്തിയതിൽ അവശേഷിച്ച 8.44 കോടി രൂപ നഷ്ടപ്പെടുകയോ; വിനിയോഗിക്കാൻ കഴിയാതെ വരികയോ ചെയ്തു. പ്രധാനമായും സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റിനങ്ങളിലാണ് തുക നഷ്ടമായിരിക്കുന്നത്. താഴെ പറയും പ്രകാരം 24847279/-രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമ നം | ഫണ്ടിനം | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | സ്റ്റേറ്റ് ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 4-5 |
| 1 | പ്ലാൻ ഫണ്ട് | 20664888 | 17242000 | 14059274 | 3182726 |
| 2 | എസ് സി പി | 1638618 | 1477000 | 914344 | 562656 |
| 3 | സി എഫ് സി | 15694761 | 13179000 | 5121056 | 8057944 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 12338000 | 10293000 | 3520323 | 6772677 |
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 6178000 | 5190000 | 1883035 | 3306965 |
| ആകെ | | 56514267 | 47381000 | 25498032 | 21882968 |

എന്നാൽ 2018-19വർഷത്തെ ക്യൂ ബിൽ ഇനത്തിൽ 6407173/- രൂപ ചെലവഴിച്ചത് ഓഡിറ്റ് വർഷത്തെ ചെലവിൽ പെടുന്നുണ്ട് . കൂടാതെ ഓഡിറ്റ് വർഷത്തെ താഴെ കൊടുത്ത ക്യൂബിൽ തുക 2020-21 വർഷത്തിൽ നല്കിയിട്ടുമുണ്ട്.

| ക്രമ നം | ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|---|
| 1 | Cfc | 1808556 |
| 2 | പ്ലാൻ ഫണ്ട് Scp | 91298 |
| 3 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 1064818 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 478190 |
| ആകെ | | 3442862 |

ഇത് പരിഗണിക്കുമ്പോൾ ആകെ നഷ്ടം 24847279/-രൂപയുണ്ടെന്ന് കാണാം( (21882968+ 6407173)-3442862) പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട വൻ തുക ഇപ്രകാരം നഷ്ടപ്പെടുത്തിയിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും ഭരണസമിതിക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിർവ്വഹണ ശേഷിക്ക് ഉപരിയായി വൻതോതിൽ പ്രൊജക്ടുകൾ തയ്യാറാക്കിയതാണ് ഇതിൽ പ്രധാനപ്പെട്ടത്. പൊതുമരാമത്ത് മേഖലയിൽ മാത്രം 188 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 64 എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിക്കാനായതെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. സെക്രട്ടറി, വി.ഇ.ഒ, ഉൾപ്പടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്.

### 1-5-2 റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത് കാണാം. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ ഫണ്ട് നഷ്ടമുൾപ്പടെയുള്ള വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-6 ക്ഷേമപദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4375800 | 1479 |
| വിധവാപെൻഷൻ | 8784600 | 2791 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13024200 | 4581 |
| വികലാംഗ പെൻഷൻ | 2774500 | 917 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 297600 | 101 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-7 അനധികൃത നിർമ്മാണം - പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല

കംപ്ലീഷൻ പ്ലാൻ/റഗുലറൈസേഷൻ പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ച വാണിജ്യ കെട്ടിട ഉടമസ്ഥർ കെട്ടിട നമ്പറിംഗ്, വസ്തുനികുതി അസസ്സ്മെന്റ് എന്നിവ നടത്തിയ ശേഷം വൻതോതിൽ അനധികൃത നിർമ്മാണം നടത്തുന്നതിനായി 13.02.2022/14.02.2022 എന്നീ തീയതികളിൽ നടത്തിയ ഓഡിറ്റ് ടീമിന്റെ സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു. വാണിജ്യ കെട്ടിടങ്ങളുടെ ഗ്രൗണ്ട് ഫ്ലോർ/ഒന്നാം നില എന്നിവയുടെ പെർമിറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തിയാക്കിയ ശേഷം അനുമതി ഇല്ലാതെ രണ്ടാം നിലയുടെ നിർമ്മാണം നടത്തുന്നതാണ് ശ്രദ്ധയിൽപ്പെട്ടത്. ഈ നിർമ്മാണങ്ങളിൽ അധികവും, രണ്ടാംനില ട്രാസ് വർക്ക് നടത്തി, ഷീറ്റിട്ട് എ.സി.പി ഷീറ്റ് കൊണ്ട് പാനലിംഗ് നടത്തുന്ന രീതിയാണ് ചെയ്തിരിക്കുന്നത്. അത് പ്രകാരം വാണിജ്യ കെട്ടിടത്തിന്റെ എഫ്, എ.ആർ, കവറേജ്, കാർ പാർക്കിംഗ് എന്നിവ അധികം ആവുകയും, അത് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാവുകയുമാണ്. സ്ഥല പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര്/വാർഡ്/ ഫയൽ | പെർമിറ്റ് വിശദാംശം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|---|
| 1 | ഷിഹാസ് & സൂപ്പി എ.വി<br>വാർഡ് 19/<br>എ1/927/2020 | 1) ഗ്രൗണ്ട് ഫ്ലോറിൽ 5 മുറികളും ഒരു കോണി കൂടും ഉൾപ്പെടെ 191.77 ച.മീറ്ററും ഒന്നാം നിലയിൽ 245.28 ച.മീറ്റർ കെട്ടിട നിർമ്മാണം<br>2) പാർക്കിംഗ് പ്ലാനിൽ 6കാർ പാർക്കിംഗ് | 1) ഒന്നാംനിലയ്ക്ക് മുകളിൽ രണ്ടാംനിലയിൽ ശീതീകരിച്ച കോൺഫറൻസ് ഹാൾ നിർമ്മിച്ചിട്ടുണ്ട്.<br>2) അനധികൃതമായി കെട്ടിടത്തിന്റെ മുൻഭാഗത്തേക്ക് കൂട്ടിയെടുത്തിട്ടുണ്ട്. |

രണ്ടാംനിലയിൽ കോൺഫറൻസ് ഹാൾ പണിതതിന് മതിയായ പാർക്കിംഗ് സൗകര്യം ഇല്ല. മൂന്ന് നിലകളും ഉൾപ്പെടെ കാർപ്പറ്റ് ഏരിയയ്ക്ക് നിലവിലെ നിയമത്തിൽ (90 ച.മീറ്ററിന് ഒരു പാർക്കിംഗ്) ആവശ്യമായ കാർ പാർക്കിംഗ് കണക്കാക്കി കുറവ് വന്ന എണ്ണത്തിന് ഫൈൻ ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| II | നൗഷാദ്<br>ഫയൽ<br>എ1-5178/19 | 1) ഗ്രൗണ്ട് ഫ്ലോറിൽ 568.05 ച.മീറ്ററും ഒന്നാംനിലയിൽ 429.15 ച.മീ.യിൽ കെട്ടിട നിർമ്മാണം | 1)രണ്ടാംനിലയിൽ ഒന്നാംനിലയ്ക്ക് സമാനമായ അനധികൃത കെട്ടിട നിർമ്മാണം. |

26.09.2019 ന് പ്ലാനിൽ കാണിച്ചതിലും ഒരു നില അധികമായി നിർമ്മിച്ചുവെന്ന് ചൂണ്ടിക്കാട്ടി അപേക്ഷ നിരസിച്ചെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല. ഏകദേശം 429.15 ച.മീറ്ററിൽ രണ്ടാംനില അനധികൃതമായി നിർമ്മിച്ച സാഹചര്യത്തിൽ, കാർപ്പെറ്റ് ഏരിയയ്ക്ക് അനുസരിച്ച് കാർപാർക്കിംഗ് കണക്കാക്കി കുറവ് വന്ന എണ്ണത്തിന് നിയമാനുസൃതമായ ഫൈൻ ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| III | അബ്ദുള്ള<br>എ1-7928/19 | 1) ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം 211.7 ച.മീ<br>2) ഒന്നാംനില നിർമ്മാ ണം 229.1 ച.മീ. | ഒന്നും രണ്ടും നിലകളും കാർ പാർക്കിംഗും ഉൾപ്പെടെ(പ്ലാൻ പ്രകാരം കെട്ടിടത്തിനുള്ളിൽ പുറകു ഭാഗത്താണ് 5 കാർ പാർക്കിംഗ്) കെട്ടിയെടുത്ത് ചപ്പാത്തി കമ്പനി നടത്തുന്നു. |

കാർ പാർക്കിംഗ് ഉൾപ്പെടെ വാണിജ്യാവശ്യത്തിന് കെട്ടിടത്തിന് വിനിയോഗിച്ചതിനാൽ എത്ര കാർ പാർക്കിംഗ് ആവശ്യമുണ്ടെന്ന് കണ്ടെത്തി, അതിന് സർക്കാർ നിശ്ചയിച്ച നിരക്ക് ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| IV | ഷക്കീന<br>മഠത്തിൽപൊയിൽ<br>ഫയൽ<br>ബി5-654/18 | ഗ്രൗണ്ട് ഫ്ലോറിലും ഒന്നാംനില യിലുമായി 479.66 ച.മീ.<br>കെട്ടിട നിർമ്മാണം | 1)പ്ലാനിൽ കാണിച്ചിരിക്കുന്ന കോണിക്കൂടിന്റെ സ്ഥാനം മാറ്റി രണ്ട് കെട്ടിടങ്ങളുടെ ഇടയിൽ സ്ഥാപിക്കുകയും അതിനടിയിൽ റിയൽ ആൾട്രേഷൻ എന്ന സ്ഥാപനം അനധികൃത മായി പ്രവർത്തിക്കുന്നു.<br>2) മതിയായ ബൈക്ക്/കാർ പാർക്കിംഗ് ഇല്ല. |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാന് സമർപ്പിച്ച് നമ്പർ ഇട്ടതിനു ശേഷം കെട്ടിടങ്ങളുടെ കാർ പാർക്കിംഗ് ഏരിയ കൂടി കൂട്ടിയെടുത്ത് വാണിജ്യാവശ്യങ്ങൾക്കു വിനിയോഗിക്കുന്നത്, വാർഡ് ക്ലാർക്കുമാരുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണ് കാണിക്കുന്നത്. വാർഡ് ക്ലാർക്കുമാർ അവരവരുടെ വാർഡിലെ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാൻ

ശ്രദ്ധിക്കേണ്ടതാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 90 ച.മീ കാർപ്പെറ്റ് ഏരിയയ്ക്ക് ഒരു പാർക്കിംഗ് എന്ന കണക്കിൽ മുകളിൽ കാണിച്ച നാല് ഫയലുകളുടേയും കാർ പാർക്കിംഗിലെ കുറവ് എത്രയാണെന്ന് കണക്കാക്കി അവയ്ക്ക് സർക്കാർ നിശ്ചയിച്ച ഫൈൻ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| V | ശ്രീ. മൊയ്തു മുസിലിയാർ, പ്രസിഡന്റ്, ജാമിയ ഫലാഹിയ അറാബിയ, ചാലപ്പുറം (H) ഫയൽ A1-5985/19-20 | ആകെ 148.49m2 വിസ്തീർണ്ണത്തിൽ നിർമ്മിച്ച ലൈബ്രറി കെട്ടിടത്തിന് 7/217 Dഎന്ന കെട്ടിട നമ്പർ നൽകി നികുതി ഈടാക്കി വരുന്നുണ്ട്. | എന്നാൽ 11-02-2022ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത കെട്ടിടം ആരാധനാലയമായി (പള്ളി) പ്രവർത്തിച്ചുവരുന്നു. |

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 4 പ്രകാരം മതപരമായ ആരാധനക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിടങ്ങൾക്ക് ജില്ലാകളക്ടറിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

ജില്ലാ കളക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയും ചട്ട പ്രകാരം അനുമതി നൽകിയ വിനിയോഗ ക്രമത്തിൽ നിന്നും വ്യതിചലിച്ച് പ്രവർത്തിക്കുന്നതുമായ മേൽ കെട്ടിടത്തിന്റെ ഉടമക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത കെട്ടിടം മതപരമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന വിവരം ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-8 വസ്തു നികുതി കണക്കിയതിലെ അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി കണക്കാക്കിയ ഫയലുകളുടെ പരിശോധനയിൽ നികുതി കണക്കാക്കാനായെടുക്കുന്ന അടിസ്ഥാന വിവരങ്ങൾ തെറ്റായി നൽകുയും ഇത് നികുതി നഷ്ടത്തിനിടയാക്കുന്നതായും കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1). ശ്രീമതി റംലത്ത് മുതൽപേരുടെ 24/08/2019 ലെ A1/5902/19 നമ്പർ കംപ്ലീഷൻ അപേക്ഷ പ്രകാരം നിർമ്മിച്ച കെട്ടിടത്തിന് (പെർമിറ്റ് നം. A2-2532/2017 Dtd 01-07-2017) നികുതി കണക്കാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു. കെട്ടിട നമ്പർ 10/439 A,A1 To A6, 10/439 B1 To B17 വരെയും ആകെ 24മുറികൾ.

A). എ.ഇ യുടെ റിപ്പോർട്ട് പ്രകാരം 885.61$m^2$ ഉണ്ട് കംപ്ലീറ്റഡ് ഏരിയ. ഇതിൽ 287.92 $M^2$ സെല്ലാർ ഏരിയയായാണ് പ്ലാനിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ഏരിയ വസ്തുനികുതി കണക്കാക്കുന്നതിൽ പരിഗണിച്ചിട്ടില്ല.

B). വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ൽ കൂടുതലുള്ള പ്രസ്തുത കെട്ടിടത്തിന് നികുതി നിരക്ക് കണക്കാക്കിയത് 100ച.മീറ്ററിൽ കുറവുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്ക് വച്ചാണ്. ഇത് മൂലം ച. മീറ്ററിന് 10 രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്. (കെട്ടിടം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നതും 5 Mtrൽ കൂടുതൽ വീതിയുള്ള വഴിയുള്ളതുമാണ്).

2). ശ്രീമതി.മോളി.ഇ എന്നവരുടെ A1-5782/19 Dtd 19-8-19നമ്പർ കംപ്ലീഷൻ അപേക്ഷയിൽ (പെർമിറ്റ് നം A2/4482/17 Dtd 26-08-17) പ്രകാരം 212.95$m^2$ ഉള്ള വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ൽ കൂടുതലുള്ള പ്രസ്തുത കെട്ടിടത്തിന് നികുതി നിരക്ക് കണക്കാക്കിയത് 100ച.മീറ്ററിൽ കുറവുള്ള വാണിജ്യ

കെട്ടിടത്തിന്റെ നികുതി നിരക്ക് വച്ചാണ്. ഇത് മൂലം ച. മീറ്ററിന് 10 രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്.

3). ശ്രീ.മൊയ്തു മുതൽ പേരുടെ A1-7263/18-19dtd 14-09-2018നമ്പർ കംപ്ലീഷൻ അപേക്ഷ പ്രകാരം കെട്ടിടത്തിന് 22/535 A,B,C നമ്പർ നൽകിയിട്ടുണ്ട്. പ്ലാൻ പ്രകാരം ആകെ ഏരിയ 905.2m$^2$ആണുള്ളത് . എന്നാൽ കെട്ടിടത്തിന്റെ സെല്ലാർ ഏരിയയായ 305m$^2$ നികുതി കണക്കാക്കിയതിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പ്രകാരം വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ പരിഹരിച്ച് വസ്തു നികുതിയിലെ നഷ്ടം ഈടാക്കി വിശദ മറുപടി ലഭ്യമാക്കേണ്ടതും അപാകത ആവർത്തിരിക്കാൻ വേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-9 കുടിവെള്ള വിതരണം - നടപടികളിൽ അപാകതകൾ

ഓഡിറ്റ് വർഷത്തിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ 230200102 – Bulk Purchase Of Water For Distribution എന്ന ഹെഡ്ഡിൽ നിന്നും താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം 1027854/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 21900162 / 22.5.19 | 300000 |
| 2 | 21900233 /13.6.19 | 695711 |
| 3 | 21900298 / 4.7.19 | 32143 |
| ആകെ | | 1027854 |

വിതരണം നടത്തി തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) കുടിവെള്ളം വിതരണം ചെയ്യുന്നതിന് സമർപ്പിച്ച രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ തുകയായ 175/-രൂപ/കി. മി. ക്വോട്ട് ചെയ്ത ശ്രീ കെ.പി.ഇബ്രാഹിം, കിഴക്കെപറമ്പത്ത്, ചേരാപുരം എന്നവർക്ക് കരാർ നല്കാൻ 8.4.19ലെ 67/19നമ്പർ പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രണ്ട് പേരുടേയും ടെണ്ടർ , ടെണ്ടർ പരസ്യം എന്നിവ സ്ഥാപനം ഹാജരാക്കിയിട്ടില്ല.

ബി) തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരനുമായി സ്ഥാപനം കരാർ ഒപ്പു വച്ചിട്ടില്ല.ഇതുകൊണ്ട് തന്നെ വിതരണവുമായി ബന്ധപ്പെട്ട, വെള്ളത്തിന്റെ ഗുണം,നല്കേണ്ട അളവ്, വിതരണത്തിനായി വാഹനം ഓടിയതായി പരിഗണിക്കേണ്ട ദൂരം എന്നീ കാര്യങ്ങളിൽ വ്യക്തതയില്ലാതെയാണ് തുക നല്കിയിരിക്കുന്നത്.

സി) മൂന്ന് വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിരിക്കുന്നത്.ഇവയെല്ലാം ജി പി എസ് ഘടിപ്പിച്ചയിനത്തിൽ തുക ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ജി പി എസ് പ്രകാരം ലഭിക്കുന്ന ലോഗ് ഉപയോഗപ്പെടുത്തി ആവശ്യമായ പരിശോധന നടത്തിയല്ല തുക നല്കിയിരിക്കുന്നത്. വെള്ളം വിതരണം ചെയ്ത ദിവസങ്ങളിൽ വാഹനം ആകെ ഓടിയ കിലോമീറ്ററിന്റെ കണക്കാണ്, ജി പി എസിൽ നിന്ന് ലഭിച്ചതായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. വാഹനം ഓരോ സമയത്തും എവിടെയായിരുന്നെന്ന് വ്യക്തമാകുന്ന തരത്തിൽ വിശദമായ ലോഗ് ലഭിച്ചാൽ മാത്രമേ കുടിവെള്ള വിതരണത്തിന് മാത്രം വാഹനങ്ങൾ ഓടിയ ദൂരം കണക്കാക്കാനാകൂ. വിശദമായ ലോഗിന്റെ അഭാവത്തിൽ വാഹനങ്ങൾ ആകെ ഓടിയ കിലോമീറ്ററിന് തുക നല്കിയിരിക്കയാൽ ഈ ഇനത്തിൽ അധിക തുക നല്കിയിരിക്കാനിടയുണ്ട്.

ഡി) കുടിവെള്ളം വിതരണം ചെയ്യുന്നതിന് ലൈസൻസ് ഉള്ള ടാങ്കർ വാഹനങ്ങളിലാണോ വെള്ളം വിതരണം ചെയ്തതെന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ കാര്യങ്ങളിൽ അടിയന്തിരമായി വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ക്രമനം എ, സി എന്നിവയിൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് നല്കേണ്ടതാണ്.

1-10 കന്നുകുട്ടി പരിപാലന പ്രൊജക്റ്റുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

2019-20, സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി കന്നുകുട്ടി പരിപാല പദ്ധതി പ്രകാരം താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. അടവാക്കിയ തുകയുടെ നാളിതുവരെയുള്ള വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയതിന്റെ വിശദവിവരം താഴെക്കോടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | ചെലവുതുക തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| 31/20 കന്നുകുട്ടി പരിപാലനം | 250000 | 1/15-2-20 |

അടവാക്കിയ തുകയുടെ നാളിതുവരെയുള്ള വിനിയോഗവിവരം, പ്രൊജക്റ്റുകളുടെ ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക 250000രൂപതടസ്സത്തിൽ വെക്കുന്നു.

1-11 സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്റ്റുകളിൽ വിനിയോഗ വിവരം ലഭ്യമാവാത്തതും മറ്റ് അപാകതകളും

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 19-20 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്റ്റുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | ചെലവുതുക | ബിൽ നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|
| 56/20-സ്നേഹസ്പർശം ഗ്രാമപഞ്ചായത്ത് വിഹിതം | 300000 | 131/19-20 തി 18.1.20 | കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കൈമാറി |
| 1/19-20 I.K.M വിഹിതം നൽകൽ | 80960 | 44/19-20 തി 30.7.19 | ഇൻഫർമേഷൻ കേരള മിഷന് കൈമാറി |
| 216/20.നാദാപുരം ഗ്രാമപഞ്ചായത്ത് എം.സി. എഫ്/ ആർ. ആർ. എഫ് സ്ഥാപിക്കൽ | 216000 | 1/19-20 തി 14.6.2019 | നിറവ് സീറോ വേസ്റ്റ് മാനേജ് മെന്റ് കോഴിക്കോടിന് നൽകിയ തുക. ബന്ധപ്പെട്ട പ്രൊജക്റ്റ്, തുക കൈമാറിയതിന്റെ |

| | | | |
|---|---|---|---|
| | | | ആവശ്യകത എന്നിവ ലഭ്യമായിട്ടില്ല. |
| ആകെ | 596960 | | |

ക്രമനമ്പർ 1,2 എന്നിവ പ്രകാരമുള്ള തുകയുടെ വിനിയോഗവിവരം,ക്രമനമ്പർ 3 പ്രകാരമുള്ള പ്രൊജക്ട്, തുക കൈമാറിയതിന്റെ ആവശ്യകത എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരം, ആവശ്യമായ രേഖകൾ എന്നിവയുടെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-12 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. സർക്കാർ നിർദ്ദേശം പാലിക്കാതെ 2017-18 ൽ ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം തൻവർഷം ചെലവഴിച്ചു.

പ്രൊജക്ട് നമ്പർ- 305/19-20

വകയിരുത്തിയ തുക- 125170

ചെലവുതുക- 125170

നിർവഹണം- സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ഇനത്തിൽ ജില്ലാപഞ്ചായത്തിൽനിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ 125170 രൂപ പഞ്ചായത്തിൽ അവശേഷിച്ചിരുന്നു. ആയത് 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിചെലവഴിച്ചിരുന്നില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന മേൽതുക തിരിച്ചടവാക്കാതെ 19-20 സാമ്പത്തിക വർഷത്തിൽ 2017-18 വർഷത്തിൽ ഗുണഭോക്താക്കൾക്ക് നൽകാനുള്ള തുക എന്നപേരിൽ പ്രൊജക്ട് തയ്യാറാക്കി 71 ഗുണഭോക്താക്കൾക്ക് 1760 രൂപ വിതം (ഒരാൾക്ക് മാത്രം1800) നൽകിയിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ രേഖകളല്ലാതെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് തുക നൽകിയതെന്നുള്ള ആധികാരികമായ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ നമ്പർ 11/18 ത.സ്വ.ഭ.വ.തിയ്യതി 29.1.2018 പ്രകാരം ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവഹണം നിർബന്ധമായി തുടരേണ്ടതെന്ന് കണ്ടെത്തുന്ന പ്രൊജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം ഏപ്രിൽ മാസം മുതൽ തുടർന്ന് നടപ്പാക്കാമെന്നിരിക്കെ അപ്രകാരം ചെയ്യായെ ഒരുവർഷം കഴിഞ്ഞ് 19-20 സാമ്പത്തിക വർഷത്തിൽ പുതിയ പ്രൊജക്ടായി 17-18 സാമ്പത്തിക വർഷത്തെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ ആധികാരികത വ്യക്തമല്ല. സ.ഉ.നമ്പർ 7/17 ഫിൻ തിയ്യതി 23.1.17 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിക്കുന്ന ഫണ്ടുകളിൽ മാർച്ച് 31 നകം ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരിച്ചടവാക്കാൻ നിർദ്ദേശിക്കുന്നുമുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ കൈകൊള്ളാതെ തുക ചെലവഴിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന് കാരണം വിശദമാക്കുന്നതോടോപ്പം അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആയത് അനുവദിച്ചിരിക്കുന്നതെന്നതിന് ആധികാരികമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-13 നാദാപുരം, കല്ലാച്ചി ടൗണുകളിലെ ഡ്രൈനേജ് സുചീകരണം.-എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവർത്തി ടെണ്ടർ ചെയ്ത നടപ്പിലാക്കിയതും മറ്റ് അപാകതകളും.

മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി നാദാപുരം, കല്ലാച്ചി ടൗണുകളിലെ അഴുക്കുചാൽ മാലിന്യം നീക്കം ചെയ്യാനുദ്ദേശിച്ചുള്ള മേൽ പ്രൊജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും താഴെപ്പറയുംപ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 166/20 നാദാപുരം ടൗൺ ഡ്രൈനേജ് നവീകരണം | 200000 | 175000 | ബിൽ നമ്പർ 45/19-20തി 30.7.19 |
| 167/20കല്ലാച്ചിടൗൺ ഡ്രൈനേജ് നവീകരണം | 200000 | 175612 | ബിൽ നമ്പർ 76/19-20തി 20.919 |

പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കാതെ ഒരു മരാമത്ത് പണിയും ആരംഭിക്കാൻ പാടില്ല. എന്നാൽ ആയതിന് വിരുദ്ധമായി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെ ടെണ്ടർ നടപടികളിലൂടെ രാജീവൻ എം.കെ എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നടപ്പിലാക്കുകയും കരാറുകാരൻ ഹാജരാക്കിയ പ്രവർത്തികളുടെ മസ്റ്റർ റോൾ, വാഹനങ്ങളുടെ വാടക രശീതി എന്നിവയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിക്കുന്നതിനുമുമ്പായി സെക്രട്ടറിയുടെ നിർദ്ദേശാനുസരണം അസി.എഞ്ചിനീയറിൽ നിന്നും വാല്വേഷൻ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തുകയോ, എം.ബുക്കിൽ അളവ് രേഖപ്പെടുത്തുകയോ ചെയ്തു കാണുന്നില്ല. പ്രവർത്തികളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയും ഈടാക്കി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം പ്രവൃത്തികൾക്ക് നിർമ്മാണതൊഴിലാളി ക്ഷേമനിധിയിനത്തിൽ ഈടാക്കേണ്ട 3506 രൂപയും ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട 3506 രൂപയും ഉൾപ്പെടെ 7512 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കേണ്ടതാണ്.

1-14 പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം- മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചില്ല. അപാകതകൾ ഇപ്പോഴും ആവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ വിവിധ അപാകതകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ അപാകതകൾ സമയബന്ധിതമായി പരിഹരിക്കാത്തതിനാൽ ഇത്തരം അപാകതകൾ ഇപ്പോഴും ആവർത്തിക്കുന്നു.

1.റോഡ് പ്രവൃത്തികളുടെ ആധിക്യം ഗുണനിലവാരത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു

മരാമത്ത് പ്രവൃത്തികളിൽ പ്രധാനമായും റോഡ് പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. ഇതിൽ തന്നെ ചെറിയ അടങ്കലുകളിൽ അനേകം പ്രവത്തികൾ ആസൂത്രണം ചെയ്യുന്നതായി കാണുന്നു. റോഡ് പ്രവൃത്തികളിലെ ആധിക്യം സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കുന്നതിന് ഭരണസമിതി തയ്യാറായിട്ടില്ല. 2019-20 ൽ 187 പ്രവൃത്തികളാണ് മരാമത്ത് മേഖലയിൽ ആസൂത്രണം ചെയ്തത് ഇതിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ്. ഒരു എഞ്ചിനിയറും, രണ്ട് ഓവർസിയർമാരുമാണ് ഇപ്പോൾ നിലവിൽ എഞ്ചിനിയറിംഗ് വിഭാഗത്തിലുള്ളത്. ഈ ജീവനക്കാരെ വെച്ച് ഇത്രയും പ്രവൃത്തികൾ നിർവ്വഹണം നടത്തുകയെന്നത് പ്രയാസമാണ്. റോഡ് വർക്കുകളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പൂർണ്ണമായും ചെയ്യുന്ന രീതിയിൽ

വലിയ അടങ്കലുകളിലുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നപക്ഷം റോഡുകളുടെ ഗുണനിലവാരം വർധിക്കുകയും, പ്രൊജക്ടുകളുടെ എണ്ണം കുറയുകയും ചെയ്യും.എന്നാൽ ഇതിനുള്ള ശ്രമങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

2. പദ്ധതി നിർവ്വഹണം സമയക്രമം പാലിക്കുന്നില്ല

സ.ഉ.(കൈ) നം.11/2018 തസ്വഭവ തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച രീതിയിൽ ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയിട്ടുണ്ടെങ്കിലും, പൊതുമരാമത്ത് മേഖലയിലെ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടില്ല. 2019-20 വർഷത്തെ പ്രവൃത്തികൾക്ക് കരാർ വെയ്ക്കാൻ തുടങ്ങിയത് 2019 നവംബർ മാസം മുതലാണ്. ഇതിൽതന്നെ 15 വർക്കുകൾക്ക് കരാർ വെച്ചത് പദ്ധതി അവസാനിക്കുന്ന2020 മാർച്ച് മാസത്തിലാണ്. 2019 മാർച്ച് മാസത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾ നിർവ്വഹണം ആരംഭിക്കുന്നത് വളരെ വൈകിയാണ്. അതുകൊണ്ട് തന്നെ ഓരോ വർഷത്തെയും പദ്ധതികൾ ആ വർഷം പൂർത്തിയാകാതെ സ്പിൽ ഓവർ ആകുന്ന പ്രവണത തുടരുന്നു.

3. പ്രവൃത്തികളുടെ നിലവാരക്കുറവ് പരാതികൾക്കിടയാക്കുന്നു

പല കരാറുകാരും ഓവർസിയർമാർ സൈറ്റിൽ ഇല്ലാതെയണ് റോഡ് പ്രവൃത്തികൾ നടത്തുന്നത് . ഇതിനാൽ റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നില്ല. പ്രവൃത്തികളുടെ ആധിക്യമാണ് ഇതിന് പ്രധാന കാരണം. ഗ്രാമ പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരം നിരവധി പരാതികൾ ലഭിച്ചതായി കാണുന്നു. ഉദാഹരണം എടക്കണ്ടി അരയാവുള്ളതിൽ റോഡ് പ്രവൃത്തി

4. നിരവധി പ്രവൃത്തികൾ ഒരേ കോൺട്രാക്ടർക്ക് ഏല്പിച്ച് നൽകുന്നു

ഓഡിറ്റ് വർഷം ഒരേ കോൺട്രാക്ടർക്ക് തന്നെ നിരവധി പ്രവൃത്തികൾ ഏൽപ്പിച്ച് നൽകുന്ന പ്രവണത കാണുന്നു. ഭൂരിഭാഗം റോഡ് പ്രവൃത്തികളും ചെറിയ അടങ്കലിലുള്ളവയാണ്. ടെണ്ടർ ചെയ്ത മിക്ക പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/19-20 /31.01.22) മറുപടി നൽകിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവ പരിഹരിക്കപ്പെടാതെ തുടരുന്ന അവസ്ഥയാണുള്ളത് ഇവ പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഭരണസമിതിയുടെയോ ഭാഗത്ത് നിന്ന് ശ്രമങ്ങളുണ്ടായിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-15 എടക്കണ്ടി - അരയാവുള്ളതിൽ റോഡ് പ്രവൃത്തി അപാകതകൾ

എടക്കണ്ടി അരയാവുള്ളതിൽ റോഡ് ടാറിംഗ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനിയർ |

| | |
|---|---|
| പ്രോജക്റ്റ് നം. | 248/20 |
| ടി എസ് നം. | 40187/2018-19 |
| അടങ്കൽ | 330000/- |
| ഫണ്ട് | വികസനം,തനത് |
| ചെലവ് | 346500/- |
| ബിൽ നം.തി. | 4898/25.09.19 |

മേൽ റോഡ് പ്രവൃത്തിയിൽ അപാകത ആരോപിച്ച് അരയാവുള്ളതിൽ കുഞ്ഞമ്മത് ഹാജി എന്നയാൾ പരാതി നൽകിയതിനെത്തുടർന്ന് (പരാതി ഫയലിൽ ഇല്ല) അസിസ്റ്റന്റ് എഞ്ചിനിയർ അന്വേഷണം നടത്തി റിപ്പോർട്ട് 15.02.2019 ന് ഭരണസമിതിക്ക് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പ്രവൃത്തിയിൽ അപാകതകളില്ലെന്നും പ്രവൃത്തി പൂർത്തിയാക്കിയതിനാൽ കരാറുകാരനായ മൂസ്സ വാഴയിൽ എന്നയാൾക്ക് കരാർ പ്രകാരമുള്ള തുക നൽകാമെന്നമാണ് ശുപാർശ ചെയ്തിരിക്കുന്നത്. എന്നാൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറും തൂണേരി ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറും ഇതേ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് (റിപ്പോർട്ട് ഫയലില്ല) 21.05.2019 ന് അസി.എഞ്ചിനിയർ കരാറുകാരന് അയച്ച കത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറും തൂണേരി ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറും സമർപ്പിച്ച റിപ്പോർട്ടിൽ റോഡ് ഒരു ഭാഗം തകർന്ന അവസ്ഥയിലാണെന്നും അത് ഉടൻ പരിഹരിച്ചതിന് ശേഷമേ പ്രവൃത്തി തുക അനുവദിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ പ്രവൃത്തി സൈറ്റ് സന്ദർശിക്കാതെയാണ് കരാറുകാരന് അനുകൂലമായി റിപ്പോർട്ട് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. ഇതിന് ശേഷം 25.09.2019 ന് കരാറുകാരന് ബിൽ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ എന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ തുക അനുവദിച്ചത് വിശദീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/19-20 /31.01.22) മറുപടി സമർപ്പിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 19-20 | 27.1.22 മുതൽ 31.1.22 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 19-20 | 165000 | ക്ഷീരഗ്രാമം. വനിത | 165000 | 0 |
| ,, | 19-20 | 450000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| ,, | 19.20 | 300000 | ലൈഫ് ഭവനപദ്ധതി . | 300000 | 0 |
| | 19-20 | 6600 | ക്ഷീരഗ്രാമം-ധാതു ലവണ മിശ്രിതം | 6600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 400000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ,, | 19-20 | 815000 | ലൈഫ് ഭവനപദ്ധതി | 815000 | 0 |
| ,, | 19-20 | 325000 | മിൽക്ക് ഇൻസന്റീവ് | 325000 | 0 |
| ,, | 19-20 | 200000 | വയോജന സൗഹൃദ കേന്ദ്രം | - | 200000 |
| ,, | 19-20 | 20000 | അഗതി ആശ്രയ വീട് | 20000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 . വായ്പ, വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിന് വായ്പാഇനത്തിൽ 182000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷത്തെ വായ്പാതിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്ന

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുക | തൻവർഷം തിരിച്ച ടവാക്കിയ തുക. | | വർഷാവസാനം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുക. |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | 68/18 ത.സ്വ. ഭ.വ 18.5.18 | 19-20 | 1820000 | 5940000 | 713235 | - | 7046765 |
| നാദാപുരം ഗ്രാമപഞ്ചായത്ത് ഓഡി റ്റോറിയം നിർമ്മാണം | 1130/14 തി 13.5.14 | 19-20 | 0 | 11757636 | 3204580 | 1546990 | 8553056 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദവിവരം

നാദാപുരം സഹകരണ ആശുപത്രി ഷെയർ- 5000

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2003-04 | 11.13.7.1 | നികുതി പിരിവിൽ അംഭാവം | ലഭ്യമല്ല |
| 1999-2000 | ഭാഗം 1 | 2003-04 | 11.14 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അപാകത | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.27 | നികുതി കുടിശ്ശിക | ലഭ്യമല്ല |
| 2000-01 | 9 | 2004-05 | 11.1.6.2 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല | ലഭ്യമല്ല |
| 2002-03 | 3-11 | 2005-06 | 1.70.1.1.16 | റോഡ് നിർമാണ പ്രവൃത്തികൾ | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-6 | 2005-06 | 2.7.1.4.7 | ഭവനനിർമ്മാണം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-11, 3-12 | 2005-06 | 2.70.1.9.16 | പെൻഷൻ/ വേതനം അപാകതകൾ | തീർപ്പാക്കി |
| 2002-03, 2003-04 | ഭാഗം 1 | 2005-06 | 2.70.1.11.13 2.70.1.11.17 | കൃഷി ഓഫീസർ/ നിർവ്വഹണ ഉദ്യോഗസ്ഥൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | തീർപ്പാക്കി |
| 2002-03 | - | 2005-06 | 2.70.1.14.25 | നികുതി പിരിവിൽ അംഭാവം | തീർപ്പാക്കി |
| 2003-04 | 22 സി (എ) | 2005-06 | 2.71.1 | തൊഴിൽനികുതി എഴുതി തള്ളി | തീർപ്പാക്കി |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | - |
| 2015-16 | 2-7 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79222114 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69452199 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 846960 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 250000 | ശിൽപ രാജ്, വെറ്റിനറി സർജൻ, |
| 1-11 | 300000 | ശ്രീ.ശൈലേന്ദ്രൻ.എൻ, സെക്രട്ടറി |
| | 80960 | ശ്രീ.ശൈലേന്ദ്രൻ.എൻ, സെക്രട്ടറി |
| | 216000 | കെ.എസ്.ജോസ്മോൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 1-13 | 3506 | തൊഴിലാളി ക്ഷേമനിധി |
| 1-13 | 3506 | ആദായനികുതി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശിൽപ രാജ്, വെറ്റിനറി സർജൻ | വെറ്റിനറി ഡിസ്പൻസറി,നാദാപുരം | സോം നിവാസ്, നീലേശ്വരം പി.ഒ, കൊട്ടാരക്കര, കൊല്ലം |
| ശ്രീ.ശൈലേന്ദ്രൻ.എൻ, സെക്രട്ടറി | റിട്ടയേഡ് | നെടിയപറമ്പത്ത് വീട്, ബേപ്പൂർ പി.ഒ, കോഴിക്കോട് |
| ശ്രീ.കെ.എസ്.ജോസ് മോൻ, സെക്രട്ടറി | സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | എസ്4,പ്ലസന്റ് റസിഡൻസി, സൈലന്റ് സ്ട്രീറ്റ്, കുരിയാച്ചിറ, തൃശ്ശൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1992-93 1993-94 | എൽ.എഫ്. കെ.കെ.ഡി.പി6/ 189/09തീ.03/06/2010 | 4 | 21,22(2),35,37 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി6/ | 14 | 2(1),2-2,3-2,3-3, |

| | | | |
|---|---|---|---|
| | 4/85/2010 തീ.28/10/10 | | 3-4,3-4(2),3-5,3-6, 3-7,3-8,3-9,3-20, 3-21(2),(4) |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി 11/173/2013 തീ.02/04/13 | 6 | 3-7, 3-11(2),(3), 3-17, 3-21, 3-19,3-21 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി 11/ 165/2013 തീ.05/06/13 | 8 | 2-2,3-3,3-4(1),(2), 3-5,3-6,3-7,4-7 |
| 2010-11 | എൽ.എഫ്. കെ.കെ.ഡി.പി 11/ 166/2013 തീ.2/05/13 | 9 | 3-2(1),3-5,3-6(1-3), 3-7(1-7), 3-8,3-9,4-7 |
| 2011-12 | എൽ.എഫ്. കെ.കെ.ഡി.പി 9/ 1117/2018 തീ.14/11/18 | 6 | 2-2,3-1,3-12,3-13, 4-5,4-7 |
| 2012-13 2013-14 | എൽ.എഫ്. കെ.കെ.ഡി.പി 9/ 1117/2018 തീ.14/11/18 | 16 | 2-1,3-2,3-3,3-5, 3-6,3-7,3-10, 3-11,3-12, 3-13,3-15,3-16,3-18, 4-1,4-9,4-11 |
| 2015-16 | എൽ.എഫ്. കെ.കെ.ഡി.പി9/ 521/2017 തീ.17/01/18 | 45 | 2(1,2,3,4,5,6,7,8, 9,10,11,12,13,14), 3(1,2,3,4,5)3-8, 3-9,3-12,3-13, 3-14,3-15,3-16,3-17, 3-18,3-19,3-20,3-21, 3-22,3-23,3-24, 3-25,3-26, 3-27, 3-28,3-29,3-30, 3-31,3-32,3-33, 3-34,3-36 |
| 2016-17 | എൽ.എഫ്. കെ.കെ.ഡി.പി 6/ 2131/2017 തീ.22/01/18 | 25 | 2-1(1,3,4,5), 2-(2,3,4,5),3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10, 3-12,3-14, 3-15,3-16, 3-17(1,2),3-19, 3-21,3-23,3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി(6)/1360 /2019തീ 2/06/2020 | 24 | 1-12,2-1,2-2,2-3,2-4, 2-5,2-6(1,2,4,5,6,7), 2-7,2-8,2-9,3-1(1,2,3,4), 3-2,3-3,3-4,3-5, 3-6,3-7,3-9,3-10,3-11, |

| | | | |
|---|---|---|---|
| | | | 3-12,3-13,3-14,3-15 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി(6)/678 /2020തീ 4/09/2020 | 25 | 1-4,1-5,1-6,1-7, 1-8(1,2,3,4), 1-9,1-10,1-11,1-11A, 1-12(1,2,3,4,5), 1-13, 1-14,1-15,1-16, 1-17(1,2,3,4), 1-18,1-19,1-20,1-21,1-22, 1-23, 1-24(A,B,C), 3-1, 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്